നം.എച്ച്2/19500/2019/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി: 14/11/2019.

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - സമന്വയ - തസ്തിക നിർണ്ണയം - റിവിഷൻ ഹർജികൾ സമന്വയ വഴി നിർവ്വഹിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. 31/5/2019 ലെ സ.ഉ. (കൈ) നമ്പർ 51/2019/പൊ.വി.വ ഉത്തരവ്.
2. ഈ കാര്യാലയത്തിലെ 26/6/2019, 25/7/2019, 31/8/2019 തീയതികളിലെ സർക്കുലറുകൾ.

****

2019-20 വർഷത്തെ തസ്തിക നിർണ്ണയം സമന്വയ മുഖേന ഓൺലൈൻ ആയി നിർവ്വഹിക്കുകയും ആയത് വിജയകരമായി പൂർത്തിയാക്കുവാൻ പൊതുവിദ്യാഭ്യാസ വകുപ്പിന് സാധിക്കുകയും ചെയ്തിരുന്നു. പ്രസ്തുത തസ്തിക നിർണ്ണയ ഉത്തരവുകൾക്കെതിരെ സമർപ്പിക്കപ്പെട്ട അപ്പീലുകളും വിവിധ വിദ്യാഭ്യാസ ഉപഡയറക്ടർമാർ സമന്വയ മുഖാന്തിരം തന്നെ പരിഗണിച്ച് തീർപ്പാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ ഉപഡയറക്ടർ നിരസിച്ച അപ്പീൽ ഉത്തരവുകൾക്കെതിരെ കെ.ഇ.ആർ അധ്യായം XXIII ചട്ടം 12 ഇ പ്രകാരമുള്ള റിവിഷൻ ഹർജികൾ പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു സമർപ്പിക്കുന്നതിനുള്ള മൊഡ്യൂൾ ഇപ്പോൾ പ്രവർത്തന സജ്ജമായിരിക്കുകയാണ്. മേൽ പ്രകാരം സമർപ്പിക്കപ്പെട്ട റിവിഷൻ ഹർജികൾ പരിഗണിച്ച് തീർപ്പാക്കുന്നതിനു ചുവടെ ചേർക്കും പ്രകാരം നിർദ്ദേശങ്ങൾ നൽകുന്നു.

1. എല്ലാ മാനേജർമാർക്കും, സർക്കാർ സ്കൂൾ പ്രധാനാധ്യാപകർക്കും തസ്തിക നിർണ്ണയ റിവിഷൻ ഹർജികൾ സമർപ്പിക്കുന്നതിനുള്ള മൊഡ്യൂൾ 20/11/2019 മുതൽ www.samanwaya.kite.kerala.gov.in എന്ന ലിങ്കിൽ ലഭ്യമാവുന്നതാണ്.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറാഫീസിൽ അപേക്ഷകൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ആർ.എ. സെക്ഷനിൽ നിന്ന് പ്രസ്തുത വെബ് സൈറ്റിലെ അപ്പീൽ തപാൽ എന്ന ലിങ്കിൽ ക്ളിക്ക് ചെയ്ത് സ്കാൻ ചെയ്ത അപേക്ഷ അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഇതിനായി തപാൽ സെക്ഷനിലെ ജീവനക്കാരുടെ സേവനം തേടാവുന്നതാണ്.
3. റിവിഷൻ ഫയലുകൾ സമന്വയ വഴി ഓൺലൈൻ ആയി പ്രോസസ് ചെയ്യുന്നതിനാലും ഫയൽ നമ്പർ സിസ്റ്റം തന്നെ ജനറേറ്റ് ചെയ്യുന്നതിനാലും പ്രസ്തുത ഫയലുകൾ യാതൊരു കാരണവശാലും തൻപതിവേടിലോ അപ്പീൽ രജിസ്റ്ററിലോ ചേർക്കേ

ണ്ടതില്ല. സമന്വയ വഴി റിവിഷൻ ഹർജികൾ കൈകാര്യം ചെയ്യുന്ന വേളയിൽ അതിനായി പേപ്പർ ഫയലുകൾ സൃഷ്ടിക്കുവാനും പാടില്ല.

4. മാനേജർ/ സർക്കാർ സ്കൂളിലെ പ്രധാനാധ്യാപകർ സമന്വയ വഴി സമർപ്പിക്കുന്നതും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും അപ്‌ലോഡ് ചെയ്യുന്നതുമായ റിവിഷൻ ഹർജികൾ ജോയിന്റ് ഡയറക്ടർ, സൂപ്രണ്ട് എന്നിവരുടെ ലോഗിനിൽ ലഭ്യമാവുന്നതാണ്. ഈ ഫയലുകൾ ബന്ധപ്പെട്ട സെക്ഷനിലെ ക്ലാർക്കുമാർക്ക് ഫോർവേഡ് ചെയ്യേണ്ടതാണ്.

5. അപ്പീൽ ഫയലുകൾ സെക്ഷനിൽ ലഭിക്കുന്ന വേളയിൽ തന്നെ ഇവയുടെ റിമാർക്സിനായുള്ള വിൻഡോ അതാത് വിദ്യാഭ്യാസ ഓഫീസർമാരുടെയും വിദ്യാഭ്യാസ ഉപ ഡയറക്ടർമാരുടെയും ലോഗിനിൽ ലഭ്യമാവുന്നതാണ്. പ്രസ്തുത അപേക്ഷ ലഭിച്ച് പത്ത് ദിവസത്തിനകം തന്നെ ഈ റിവിഷൻ സംബന്ധിച്ച റിമാർക്സ് വിദ്യാഭ്യാസ ഡയറക്ടർക്ക് സമന്വയ വഴി സമർപ്പിക്കേണ്ടതാണ്. മേൽ സമയ പരിധിക്കു ശേഷം റിമാർക്സ് സമർപ്പിക്കാനുള്ള സൗകര്യം ലഭ്യമാവുന്നതല്ല. ഇത്തരത്തിൽ സമയപരിധിക്കകം റിമാർക്സ് നൽകാത്ത വിദ്യാഭ്യാസ ഓഫീസർമാർക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്

6. കെ.ഇ.ആർ അധ്യായം XXIII ചട്ടം 12 ഇ യിലെ വ്യവസ്ഥകൾ പ്രകാരം കാലതാമസം പരിഗണിക്കാതെ തന്നെ എല്ലാ റിവിഷൻ അപേക്ഷകളിൻമേലും 2020 ജനുവരി 31 നകം തന്നെ തീർപ്പു കൽപ്പിക്കേണ്ടതാണ്.

7. എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും പ്രതിദിനം മൂന്ന് തവണയെങ്കിലും സമന്വയയിൽ അവരുടെ ലോഗിനിൽ കയറി ഇൻ ബോക്സിലും അപ്പീൽ, റിവിഷൻ അപ്പീൽ ടാബിലും ഫയലുകളുടെ വിശദാംശങ്ങൾ പരിശോധിക്കേണ്ടതാണ്. ഇത്തരത്തിൽ ലോഗിൻ ചെയ്യുന്നതു സംബന്ധിച്ച വിവരങ്ങൾ ഡയറക്ടറേറ്റിൽ നിന്ന് പരിശോധിക്കുന്നതാണ്.

ജീവൻബാബു. കെ ഐ.എ.എസ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ

<u>സ്വീകർത്താവ്</u>

1. പൊതുവിദ്യാഭ്യാസ ജോയിന്റ് ഡയറക്ടർ (അക്കാദമിക്)
2. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
3. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

<u>പകർപ്പ്</u>

1. വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ് പൂജപ്പുര, തിരുവനന്തപുരം
2. പൊതുവിദ്യാഭ്യാസ ഡയറക്ടർ, പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ),പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്) സി.എ. മുഖാന്തിരം
3. എല്ലാ സമന്വയ സംസ്ഥാന/ജില്ലാ നോഡൽ ഓഫീസർമാർക്കും
4. സൂപ്രണ്ട്, ആർ.എ./ഇ.സി/ഇ.റ്റി/ഇ.എം/എഫ്/ജി സെക്ഷനുകൾ
5. സ്റ്റോക്ക് ഫയൽ.